ഉത്തരം

(എ) ജോലിഭാരം കണക്കിലെടുത്ത് മിനിസ്റ്റീരിയൻ ജീവനക്കാരെ സഹായിക്കുന്നതിനായി ചിലയിടങ്ങളിൽ പോലീസുകാരെ നിയോഗിക്കാറുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) പരിശോധിക്കാവുന്നതാണ്.

പോലീസ് സേനയിലെ മിനിസ്റ്റീരിയൽ ജീവനക്കാരുടെ ശമ്പളം ഏകീകരിക്കാൻ നടപടി

56 (5967) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് സേനയിലെ മിനിസ്റ്റീരിയൽ ജീവനക്കാർക്ക് രണ്ടു തരത്തിലുള്ള ശമ്പളം നിലവിലുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത ശമ്പളം ഏകീകരിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പോലീസ് സേനയിലെ ഇന്റലിജൻസ് (SBCID)വിഭാഗത്തിൽ സീനിയർ സൂപ്രണ്ടിന് താഴെയുള്ള സ്കെയിലുകൾ മറ്റ് വിഭാഗങ്ങളിലുള്ളതിനെക്കാൾ ഉയർന്ന സ്കെയിലാണ് നൽകുന്നത്. ഇന്റലിജൻസ് ഒഴിച്ചുള്ള മിനിസ്റ്റീരിയൽ വിഭാഗത്തിന് കോമൺ കാറ്റഗറിയിലുള്ള ശമ്പള സ്കെയിലാണ് നിലവിലുള്ളത്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് സംബന്ധിച്ച രേഖകൾ പോലീസുകാർക്ക് കൃത്യമായി നൽകാൻ നടപടി

57 (5968) ശ്രീ. എ. എ. ഷുക്കൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റേറ്റ് ലൈഫ് ഇൻഷുറൻസ് (എസ്.എൽ.ഐ.) സംബന്ധിച്ച രേഖകൾ എല്ലാ പോലീസുകാർക്കും കൃത്യമായി പതിച്ച് നൽകുന്നില്ലെന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പരാതികൾ പരിഹരിക്കുന്നതിന് നിർദ്ദേശം നൽകുമോ ;

(സി) ജനറൽ ഇൻഷ്വറൻസ് സ്കീം സംബന്ധിച്ച രേഖകളും പോലീസുകാർക്ക് കൃത്യമായി നൽകുവാൻ നടപടി കൈക്കൊള്ളുമോ ?

LIBRARY ARCHIVES Kerala Legislative Assembly